**Athmaraksha.org**

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ദൈവകരങ്ങളിൽ നിന്ന് ജീവിതപങ്കാളിയെ എല്ലാ കുറവുകളോടുംകൂടി സ്വീകരിക്കുക: ഫാ. സോജി ഓലിക്കൽ



ഒക്ടോബർ 10ന് UK യിലെ ബർമിങ്ങ് ഹാം ബെഥേൽ കൺവൻഷൻ സെന്ററിൽ വച്ച് നടന്ന സെക്കൻഡ് സാറ്റർഡേ കൺവൻഷൻ കുടുംബ ബന്ധങ്ങളുടെ പവിത്രതയും അവിഭാജ്യതയും ഉയർത്തിപ്പിടിച്ചുകൊണ്ട് ആയിരങ്ങൾക്ക് അനുഗ്രഹമായി മാറി. പ്രവാസ ജീവിതത്തിന്റെ നൊമ്പരങ്ങളും സങ്കീർണ്ണതകളും പ്രായോഗികമായി വിലയിരുത്തിക്കൊണ്ട് സമാധാന പൂർണ്ണമായ ദാമ്പത്യ ജീവിതങ്ങൾ ദൈവത്താൽ സാധ്യമാണ് എന്ന ശക്തമായ സന്ദേശമാണ് ഫാദർ സോജി ഓലിക്കൽ ദൈവജനത്തിന് നൽകിയത്. ആത്മാഭിഷേകം നിറഞ്ഞ വചനശുശ്രൂഷ അനേകം കുടുംബങ്ങൾക്ക് സൗഖ്യത്തിനും വിടുതലിനും കാരണമായി.

ദൈവകരങ്ങളിൽ നിന്ന് പങ്കാളിയെ എല്ലാ കുറവുകളോടുംകൂടി സ്വീകരിക്കുക, പരസ്പര സംഭാഷണത്തിന്റെയും, പങ്കുവയ്ക്കലിന്റെയും പ്രാധാന്യം, ഒന്നിച്ചുള്ള പ്രാർത്ഥന, പങ്കാളികളുടെ സ്നേഹപൂർവ്വമായ പങ്കുവയ്ക്കലുകൾ, കുട്ടികൾക്ക് നൽകുന്ന സന്തോഷവും ആനന്ദവും, കുടുംബങ്ങളെ തകർക്കുന്ന പൈശാചികശക്തികളെ തോൽപിക്കാൻ ദൈവം നൽകിയിരിക്കുന്ന പൗരോഹിത്യ ശുശ്രൂഷയുടെ പ്രാധാന്യം എന്നിവ നൂറു കണക്കിന് കുടുംബങ്ങൾക്ക് ജീവിതമേഖലകളെ വിലയിരുത്തുവാനും നല്ല തീരുമാനങ്ങൾ എടുക്കുവാനും കാരണമായി.

കുടുംബങ്ങളെ ശക്തിപ്പെടുത്തുന്ന ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് മുഴുവൻ ജപമാലയും സമർപ്പിച്ചു കൊണ്ടാണ് രൂപത വികാരി ജനറൽ ഫാദർ തിമോത്തി ഇംഗ്ലീഷിലുള്ള വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. നവംബർ മാസ കൺവൻഷനുവേണ്ടി രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഉയരുകയാണ്. സഭയെ നവീകരിക്കുന്ന, കുടുംബങ്ങളെ ബലപ്പെടുത്തുന്ന, കുട്ടികളിലേക്കും യുവതീയുവാക്കളിലേക്കും വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും കൃപകൾ വർഷിക്കുന്ന, അനേകായിരങ്ങളുടെ കണ്ണീരൊപ്പുന്ന ശുശ്രൂകൾക്കായി തീക്ഷ്ണമായ പ്രാർത്ഥനാസഹായങ്ങൾ ചോദിക്കുകയാണ് സോജിയച്ചനും ടീം അംഗങ്ങളും.

ജപമാല, കരുണകൊന്ത, കുരിശിന്റെവഴി തുടങ്ങിയ പ്രാർത്ഥനകൾ സമർപ്പിച്ചും അനേകം വ്യക്തികളേയും, കുടുബങ്ങളേയും ഈ ശുശ്രൂഷയിലേക്ക് കൂട്ടിക്കൊണ്ടുവന്നും പ്രേഷിത വേലയിലേക്ക് ഉയരുവാൻ ഏവരെയും യേശുനാമത്തിൽ ക്ഷണിക്കുന്നു.